"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(3) പ്രകാരവും കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവും, മാനന്തവാടി നഗരസഭയുടെ മാസ്റ്റർപ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.252/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

---

പരാമർശം:-

1. 25.06.2021 ലെ സ.ഉ.(കൈ) നം.115/2021/തസ്വഭവ.
2. 06.10.2021 ലെ സ.ഉ.(കൈ) നം. 225/2021/തസ്വഭവ.
3. മാനന്തവാടി നഗരസഭയുടെ 26.03.2022 തീയതിയിലെ 3/22 ാം നമ്പർ തീരുമാനം.
4. മാനന്തവാടി നഗരസഭ സെക്രട്ടറിയുടെ 01/04/2022 തീയതിയിലെ ടിപി1-9446/21 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 12/07/2022 തീയതിയിലെ ടിസിപിസിടിപി/1676/2021-എഫ്2 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 06/10/2022 തീയതിയിലെ ടിസിപിസിടിപി/1676/2021-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

2018-2019 വർഷങ്ങളിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റീബിൽഡ് കേരള ഇനീഷിയേറ്റീവിൽ ഉൾപ്പെടുത്തി മാനന്തവാടി നഗരസഭ പ്രദേശത്തിന് വേണ്ടി ഒരു Risk Informed Master Plan തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(2) തുടർന്ന് പരാമർശം(1) ഉത്തരവ് പ്രകാരം മാനന്തവാടി മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നഗരസഭയ്ക്ക് നല്കുകയും ആയത് അനുസരിച്ച് 30.06.2021 ലെ 1904 ാം നമ്പർ വിജ്ഞാപനം പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടു മാസ്റ്റർപ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത സമയപരിധിയായ 60 ദിവസത്തിനുള്ളിൽ

ആയത് പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം 30.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

(3) മാനന്തവാടി മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും നഗരസഭ രൂപീകരിച്ച മാസ്റ്റർപ്ലാൻ കമ്മിറ്റി പരിശോധിക്കുകയും, ടി മാസ്റ്റർപ്ലാൻ പരിഷ്കരിച്ചുകൊണ്ട് പുനഃപ്രസിദ്ധീകരിക്കുവാൻ ശിപാർശ ചെയ്യുകയും ആയതനുസരിച്ച് പരിഷ്കരിച്ച മാസ്റ്റർ പ്ലാൻ പരാമർശം (3) പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും പുനഃപ്രസിദ്ധീകരണത്തിനുള്ള അനുമതിയ്ക്കായി സർക്കാരിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും, ജില്ലാ നഗരാസൂത്രകൻ വയനാട്, മുഖ്യനഗരാസൂത്രകൻ എന്നിവർ മുഖേന പരാമർശം (4) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു.

(4) 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരവും കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവും മാനന്തവാടി നഗരത്തിനായുള്ള മാസ്റ്റർപ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(5) Rebuild Kerala Development Programme മായി ബന്ധപ്പെട്ട് World Bank ന്റെ DPO-1 ന്റെ Priority action No.7 ൽ ഉൾപ്പെടുന്ന മാനന്തവാടി ടൗണിനു വേണ്ടിയുള്ള മാസ്റ്റർപ്ലാൻ നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതും പൊതുജനങ്ങളിൽ നിന്നുള്ള ആക്ഷേപനിർദ്ദേശങ്ങൾ, Review Report by the Agence francaise de developpement (AFD)/KfW, മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ റിമാർക്ക്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളതുമാണെന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരവും കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവും, മാനന്തവാടി നഗരസഭയുടെ മാസ്റ്റർപ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം

2. ജില്ലാ നഗരാസൂത്രകൻ, വയനാട് (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, മാനന്തവാടി നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Anilkumar C
Date: 15-11-2022 14:33:11
സെക്ഷൻ ഓഫീസർ